(എഫ്) ഇല്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ ചേർപ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം 340/04 കേസിൽ അറസ്റ്റ് ചെയ്ത 6 പ്രതികളിൽ 2 സ്ത്രീകൾ ആന്ധ്രാപ്രദേശ്, കർണ്ണാടക സംസ്ഥാനക്കാരാണ്.

വ്യാജ ഇമിഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകി കബളിപ്പിക്കുന്ന സംഘം

*14 [642] *ശ്രീ. റോഷി അഗസ്റ്റിൻ :*
,, കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ഇമിഗ്രേഷൻ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകി ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്ന സംഘം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ പ്രവർത്തനം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ട്രാവൽ ഏജൻസികളുടെ മറവിൽ പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങൾക്ക് ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭിക്കുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി) :*

(എ) & (ബി) ഇല്ല. എന്നാലും വ്യാജ ഇമിഗ്രേഷൻ ക്ലിയറൻസുമായി യാത്ര ചെയ്യാൻ എത്തിയവരുടെ പേരിൽ 2004-ൽ 18 കേസുകളും 2005 മാർച്ച് 22 വരെ 2 കേസുകളും ഇമിഗ്രേഷൻ വിഭാഗത്തിൽ നിന്നും നൽകിയ റിപ്പോർട്ട് പ്രകാരം വലിയതുറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 'എ' യുടേയും 'ബി' യുടേയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജല പദ്ധതികൾക്ക് ധനസഹായം

*15 [643] *ശ്രീ. സി. കെ. നാണു :*
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധജല പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) വിവിധ പഞ്ചായത്തുകളിലെ ശുദ്ധജല പദ്ധതികളുടെ പ്രവർത്തനം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും വൈദ്യുതി ചാർജ് ഒടുക്കാത്തതിനാലും മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും വൈദ്യുത ചാർജ് ഒടുക്കുന്നതിനും ആവശ്യമായ ധനസഹായം പഞ്ചായത്തുകൾക്ക് നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(എ) ഉണ്ട്.

(ബി) തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ശുദ്ധജല പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ കാസർഗോഡ്, കൊല്ലം ജില്ലകളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകൾ വഴിയും ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) 4-11-2004-ലെ ജി. ഒ. (എം. എസ്.) 310/2004/തസ്വഭവ., 25-11-2004-ലെ ജി. ഒ. (എം. എസ്.) 318/2004/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം മെയിന്റനൻസ് ഗ്രാന്റും ജനറൽ പർപ്പസ് ഗ്രാന്റും ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ശുദ്ധജല പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കും, വൈദ്യുത ചാർജ് ഒടുക്കുന്നതിനും പ്രസ്തുത ഗ്രാന്റുകളിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നതാണ്.

ക്ലീൻ കേരള പദ്ധതി

*16 [644] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
,, *സാജുപോൾ* :
,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ച ക്ലീൻ കേരള പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്ന മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly